HON'BLE MR. T. M. VARGHESE : (*a*), (*b*) and (*c*) ഇല്ല. തിരുവിതാംകൂറിനു പുറമേയുള്ള എൻജിനിയറിംഗ് കോളേജുകളിൽ നമ്മുടെ കുട്ടികൾക്കു സ്ഥാനം റിസർവു ചെയ്തിട്ടില്ലാത്തതുകൊണ്ടു സീറുകളൊന്നുമില്ല. അതിലേയ്ക്കായി യാതൊരു ധനസഹായവും ചെയ്യേണ്ടതായിട്ടില്ല.

Sub-Assistant Surgeons.

200. MR. E. K. MADHAVAN (*Parur I—General*) : Will the Honourable Minister for Medical and Public Health be pleased to state whether the Government have received any representations from the Sub-Assistant Surgeons of the State regarding the raising of their salary and status and if so, what action has been taken in the matter ?

HON'BLE MR. G. RAMACHANDRAN : Yes. In view of the retrenchment proposals that are being contemplated the matter is to be held over for the present.

MR. E. K. MADHAVAN : എല്ലാവരെയും റിഡ്യൂചെയ്യാതിരിക്കുന്ന സ്ഥിതിക്ക് ഇപ്പോഴാ ഇരിക്കുന്നവർക്ക് ശമ്പളക്കൂടുതൽ കൊടുത്തു് അവരുടെ സ്ഥിതി അല്പം പൊക്കിപ്പിടിക്കണമെന്നു ഗവൺമെൻറു വിചാരിക്കുന്നുണ്ടോ?

HON'BLE MR. G. RAMACHANDRAN : ഇതെല്ലാം ഒരേ കാര്യമാണെന്നു മനസ്സിലാക്കുവാൻ എല്ലാ വിധത്തിലും ഇതു ബാധിക്കുമെന്നുകൂടി മനസ്സിലാക്കണം.

MR. E. K. MADHAVAN : കുറഞ്ഞശമ്പളം കൊടുക്കുന്നതുകൊണ്ടാണു് ആവശ്യമുള്ള ഡാക്ടർമാരെ ഇവിടെ കിട്ടാത്തതെന്നു ഗവൺമെൻറു വിചാരിക്കുന്നുണ്ടോ?

HON'BLE MR. G. RAMACHANDRAN : അങ്ങനെയാണെന്നു തോന്നുന്നില്ല.

MR. E. K. MADHAVAN : എന്തുകൊണ്ടാണ്?

HON'BLE MR. G. RAMACHANDARAN : ഡാക്ടർമാർ വളരെ കുറവാണ്. അവരെക്കൊണ്ടുള്ള ആവശ്യം കൂടുതലുമാണ്.

Paliam Kudiyans.

201. MR. E. K. MADHAVAN : Will the Honourable Minister for Agriculture be pleased to state :

(a) whether the Government have received any representation regarding the difficulties experienced by the Paliam Kudiyans in the State: and

(b) if so what action has been taken in the matter ?

HON'BLE MR. C. KESAVAN :

(a) Yes.

(b) The matter is under investigation.

LIBRARY ARCHIVES Kerala Legislative Assembly

MR. E. K. MADHAVAN : അടുത്ത മാവിയിൽതന്നെ ഇതിനെന്തെങ്കിലും തീരുമാനം ഉണ്ടാകാതിരുന്നാൽ അതുകൊണ്ടു കുടിയാനവന്മാർക്കു വളരെ ഉപദ്രവം ഉണ്ടാകുമെന്നറിയാമോ?

HON'BLE MR. C. KESAVAN : ഉപദ്രവമുണ്ടാകുമായിരിക്കാം. ഇതു് വളരെ വിസ്തൃതമായ ഒരു പ്രശ്നമായതുകൊണ്ടു വേണ്ടിടത്തോളം അന്വേഷണം നടത്തി ആവശ്യമുള്ള നിയമനിർമ്മാണം ചെയ്തു പരിഹാരം ഉണ്ടാക്കാമെന്നാണ് ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു.

MR. E. K. MADHAVAN : ഇതിന് പെട്ടെന്ന് എന്തെങ്കിലും ഒരു ഉപശാന്തി ഉണ്ടാക്കാതിരുന്നാൽ ഒരു സംഘട്ടനം തന്നെയും ഉണ്ടാകുമെന്നു ഗവണ്മെൻറ് വിചാരിക്കുന്നുണ്ടോ?

HON'BLE MR. C. KESAVAN : അങ്ങനെയൊന്നും വരുകയില്ല.

Transport of Tapioca.

202. MR. E. K. MADHAVAN: Will the Honourable Minister for Excise be pleased to state:

(*a*) whether the Government have received any representation regarding the issue of permit for tapioca to be brought from Changanacherry to Parur through the water route; and

(*b*) if so from whom, and whether any enquiry was made and the result of the enquiry if made?

HON'BLE MR. K. M. KORAH: (*a*) Yes.

(*b*) From certain inhabitants of Parur. Enquiries were made. Permits are issued on the basis of recommendations from Tahsildar and Assistant Excise Commissioner, Parur on the requirements of Parur taluk for tapioca from Changanacherry.

MR. E. K. MADHAVAN : ചങ്ങനാശേരിയിൽനിന്നും പറവൂരേയ്ക്കു കൊണ്ടുപോകുന്ന കപ്പയിൽ, ഭൂരിഭാഗവും തിരുവിതാംകൂറിനു പുറത്താണു പോകുന്നതെന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. K. M. KORAH : ഇതു സംബന്ധിച്ചു അസിസ്റ്റൻറ് എക്സൈസുകമ്മീഷണരുടെ റിപ്പോർട്ടു കിട്ടിയിട്ടുണ്ടു്. ആ റിപ്പോർട്ടിൽ സ്മഗ്ലിംഗ് നടക്കുന്നുണ്ടെന്നു പറയുന്നുണ്ടു്.

MR. E. K. MADHAVAN : അതു് അവിടത്തെ അധികാരികളുടെ അനാസ്ഥകൊണ്ടാണെന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. K. M. KORAH : ഗവണ്മെൻറ് അങ്ങനെ വിചാരിക്കുന്നില്ല.

MR. K. A. GANGADHARA MENON (*Nedumangad I—General*): ഈ സ്മഗ്ലിംഗ് നിറുത്തുന്നതിന് ഗവണ്മെൻറ് നടപടികൾ നടത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly